Item Code: 640 Participant Code: 111

# അർഥി

'കാലം മുന്നോട്ട് നീങ്ങുമ്പോൾ പിന്നിട്ട വഴികൾ ഓർമ്മകളായി ലയിച്ചു ചേരും. പക്ഷേ, ഓർമ്മകൾ മുറിവുകളായാൽ അതെന്നും ഒരു നീറ്റൽ ഉളവാക്കും'.

വായിച്ച വരികളിൽ നിന്നവൾക്ക് കണ്ണെടുക്കാനായില്ല. ജീവിതം തന്നെയും പഠിപ്പിക്കുന്ന പാഠം, അത് മറ്റാർക്കൊക്കെയോ കൂടി സ്വന്തമാ~~യ് തോന്നി~~ണെന്ന് അവൾക്ക് തോന്നി. വർഷമേറെ കഴിഞ്ഞിട്ടും മനസ്സിപ്പോഴും അവിടെ തന്നെ തങ്ങി നിൽക്കുകയാണ്. മനസ്സിന്റെ പാതയി-ലൂടെ ചിന്തകൾ കടന്നു പോയിക്കൊണ്ടിരുന്നു.

"എങ്ങോട്ടാ?"

"രാമേശ്വരം".

അപരിചിതന്റെ ആ ചോദ്യത്തിന് കണ്ണീർ നനച്ച ആ കവിൾത്തടം തുടച്ചുകൊണ്ട് അവൾ മറുപടി നൽകി:

"എന്താ ഒറ്റയ്ക്കൊക്കെ രാമേശ്വരത്ത്? കുട്ടി അവിടെയാണോ പഠിക്ക്യേ. മറ്റോ ആണോ?"

"അച്ഛൻ രാമേശ്വരത്താ....."

അത്രയും പറഞ്ഞുകൊണ്ട് കൂടുതൽ ചോദ്യങ്ങൾക്ക് മറുപടി നൽകാതിരിക്കാൻ അവൾ

വീണ്ടും വായന തുടർന്നു. തീവണ്ടിയുടെ ശബ്ദവും വായനയും ഒട്ടും ചേർന്നുപോവുന്നില്ലായിരുന്നു. എങ്കിലും ഒരു അഭയമെന്നപോലെ അവൾ വായന തുടർന്നു.

"ശലഭമല്ലേ...."

അക്ഷരക്കൂട്ടങ്ങളിൽ നിന്നും ആ ശബ്ദം അവളെ ഉണർത്തി. ഒറ്റ നോട്ടത്തിൽ ഒരു അപരിചിത എന്നതിലുപരി അവൾക്കൊന്നും ഓർമ്മവന്നില്ല. പക്ഷേ, ആ കണ്ണുകൾ എവിടെയോ തടഞ്ഞു. എന്നോ.... എവിടെയോ... കണ്ടുമറന്നതുപോലെ.

"എന്നെ മനസ്സിലായിട്ടുണ്ടാവില്ലെന്നറിയാം.... ഞാൻ ചിലങ്ക, നമ്മൾ പണ്ട് രാമേശ്വരത്ത്...."

.... വാക്കുകൾ പൂർണമാവുന്നതിന് മുമ്പുതന്നെ ആ കളിക്കൂട്ടുകാരിയെ അവൾക്ക് മനസ്സിലായി. സോനക ചേച്ചി. കാണാതെ തനിക്ക് തേൻ മിഠായി കൊണ്ടുവന്നു തന്നതും അച്ഛനെ കാണാൻ വാശി പിടിച്ച് കരയുമ്പോൾ കണ്ണുകൾ നനച്ച കണ്ണീർ തടം തന്റെ ഉടുപ്പുകൊണ്ട് തുടച്ചുതന്ന ആ കൂട്ടുകാരിയെ, ആ കാതരമിഴികളെ...

അവൾ തിരിച്ചറിഞ്ഞു: പറയാൻ മറന്ന വാശിയുടെയും ശാഠ്യത്തിന്റെയും ഇണക്കത്തിന്റെയും പിണക്കത്തിന്റെയും കഥകൾ കൈമാറാനുള്ള സമയം എന്നേ ഇന്ന വൈകിയെന്ന് കാലത്തോട് ചോദിച്ചുകൊണ്ടിരുന്നു: ആ തുരുത്തു മനസ്സുകൾ വേദനിച്ചതിന് ഒരു സാക്ഷിയെ പോലെ. അവർ ഇരുവരും ഓർത്തു.

"നിനക്കിപ്പോഴും എന്നെ ഓർമയുണ്ടല്ലേ..."

"നിന്നെപോലെ എനിക്കൊന്നും പെട്ടന്ന് മറക്കാനാവില്ല."

"ആര് പറഞ്ഞു മറന്നുവെന്ന് ? നിന്റെ കണ്ണുകൾ എന്നെ എല്ലാ ഓർമകളിലേക്കും കൂട്ടികൊണ്ടുപോയി."

"നീ രാമേശ്വരത്തേക്കാണോ ?"

"അതെ."

"എന്താ വിശേഷിച്ച് ?"

"അച്ഛൻ എപ്പോഴും പറയുമായിരുന്നു ഒരിക്കൽ കൂടി നാട്ടിൽ പോകണമെന്ന്, പിന്നെ വയ്യായ്മ കൂടിയപ്പോ.... കഴിഞ്ഞില്ല."

"ഭാസ്കരമാമയ്ക്ക് ഇപ്പോ എങ്ങനെയുണ്ട് ?"

"അറിയില്ല. സുഖമായിരിക്കും. ദൈവത്തിന്റെ അടുത്ത് കൂട്ടിരിക്കുകയാണ്. ~~ഞാനും ഇപ്പോ~~ എന്നെ തനിച്ചാക്കി അച്ഛനങ്ങ് പോയി."

"നീ ഇതെന്തൊക്കെയാ പറയുന്നെ?"

"മനസ്സിലായില്ലേ.... നിനക്ക് ?" അടക്കിവെച്ച ഭാരമെല്ലാം കണ്ണീരായി ഒഴുകി.

"എനിക്കിന്ന് നമ്മുടെ ഓർഫനേജിൽ ഒന്നു പോകണം. നീ വരില്ലേ എന്റെ കൂടെ?"

"നീ എന്താ ഇങ്ങനെ ചോദിക്കുന്നെ? നീ ആകെ മാറി. ഞാനെന്നും നിന്റെ കൂടെ ഉണ്ടാവും. നീ എന്നെ തനിച്ചാക്കി പോവരുത്." എല്ലാം ഒരു പുഞ്ചിരിയിൽ ഒതുക്കി അവൾ മറുപടി നൽകി.

ഇരുവരും രാമേശ്വരത്ത് ഇറങ്ങി. തങ്ങളുടെ ആ പഴയ നാട്ടുവഴികളിലൂടെ യാത്ര തുടർന്നു.

"ഏയ് ഓട്ടോ..."

"~~[illegible]~~... അമല ഓർഫനേജ്..."

ഓർമകളുടെ ആ മണ്ണിലേക്ക് ഇരുവരും

വീണ്ടും എത്തിച്ചേർന്നു. മഴ നനഞ്ഞു കുതിർന്ന ആ വാകയുടെ ചുവട്ടിൽ. വീണ്ടും ഒത്തുകൂടിയ സന്തോഷം. സുഗന്ധമുള്ള ഓർമ്മകൾ ശലഭയുടെ മനസ്സിൽ കോരിയിട്ടു.

"നമുക്ക് ആ പുഴയ കടൽ തിരഞ്ഞുകൂടി പോയാലോ ?"

"പറയാതെ തന്നെ നീ എന്റെ മനസ്സ് വായിച്ചെടുന്നു."

വാകയുടെ ചുവട്ടിൽ നിന്നും ഒരു പുഷ്പം ശലഭ തന്റെ ബാഗിലിട്ടു. ഓർമകളുടെ പാതയിലൂടെ മനസ്സ് സഞ്ചരിച്ചപ്പോൾ, പതിയെ പതിയെ കാലുകൾ ഓരോ പടവും മുന്നോട്ടു നീങ്ങി.

അലകൾ എങ്ങനെയാണ് മനുഷ്യമനസ്സിനെ ശാന്തമാക്കുന്നതെന്ന് ശലഭയ്ക്ക് മനസ്സിലായതേയില്ല. ഏറെ കാലമായുള്ള സംശയമാണ്. ഉത്തരം കിട്ടാത്ത ചോദ്യവുമാണ്.

അച്ഛന്റെ കൂടെ കടലിൽ കളിച്ചതും. ആ ചിതാഭസ്മം കണ്ണീരണിഞ്ഞ് പൊള്ളുന്ന മനസ്സോടെ കടലിൽ ഒഴുക്കിയതും. ആ മുറിവേറ്റ

മനസ്സിലൂടെ കടന്നു പോയി. ബാല്യത്തിന്റെ മധുരമുള്ള ഓർമ്മയും യൗവനത്തിന്റെ തീരാ ദുഃഖവും ആ മനസ്സ് ഒന്നിച്ചനുഭവിച്ചു.

"അച്ഛാ... എന്റെ അമ്മ എവിടെയാ?"

"നീ മുന്നിൽ കാണുന്നില്ലേ... അതു തന്നെ."

"എവിടെ അച്ഛാ?"

"നീ ശരിക്ക് നോക്ക്..."

"ഇത് കടൽ അല്ലേ?"

"ഇതു തന്നെയാ നിന്നെ എനിക്കു സമ്മാനിച്ച നിന്റെ അമ്മ!"

"കടൽ... അമ്മ..."

"ഈ തിരയുടെ അമ്മയാണ് ഈ കടലമ്മ. നിന്നെ എനിക്കു സമ്മാനിച്ചതും ഈ അമ്മ തന്നെ."

കാർമേഘങ്ങൾ ആകാശത്ത് ബഹളം ഉണ്ടാക്കുവാൻ തുടങ്ങി. കാർമേഘങ്ങൾ ഒരു ആയുസ്സിന്റെ കണ്ണുനീർ പൊഴിക്കാൻ തുടങ്ങി. അവളുടെ കവിൾ തടത്തിലൂടെ ആ കണ്ണുനീർ ഒഴുകി.

"ശലഭേ."

അവൾ കൂട്ടുകാരിയുടെ വിളിക്ക് മറുപടി നൽകിയില്ല.

അന്നത്തെ ദിവസം അവൾ നനഞ്ഞു കൊണ്ടേയിരുന്നു. മഴയിലും മഴ ഓർമ്മകളിലും. കുഞ്ഞുങ്ങളെ അമ്മ ശാന്തമാക്കുന്നതുപോലെ അവളുടെ മനസ്സിനെയും കാർന്നു തിന്നുന്ന ചിന്തകളെയും ആ തിരമാലകൾ കൈകൾ കൊണ്ട് താലോടി ആശ്വാസിപ്പിച്ചു. നനയുന്ന മഴയിലും പൊഴിയുന്ന കണ്ണീരിലും അമ്മയെന്ന സത്യത്തെ അവൾ തിരിച്ചറിഞ്ഞു. അമ്മയുടെ മാറോട് ചേർന്നു കിടക്കുന്ന ഒരു കുഞ്ഞിനെ പോലെ അവളും ആ കടൽ തീരത്ത് കിടന്നു. അടഞ്ഞു പോയ കണ്ണുകളെ ചിലത് ഉണർത്താൻ ശ്രമിച്ചു. നനഞ്ഞു കുതിർന്ന് ഉറെനേരത്തുമായി ആ കണ്ണുകൾ അടഞ്ഞു പോയത്... ചിലത് ചന്തിയെ തിരിച്ചറിഞ്ഞു.